ദേശാഭിമാനി 06 January 2022

# കൂടുമീൻകൃഷിക്ക് പോളപ്പായൽ ഭീഷണി: ബോധവൽക്കരണവുമായി കെവികെ

സ്വന്തം ലേഖിക

കൊച്ചി

കായലിൽ പോളപ്പായൽ നിറയുന്നത് കൂടുമീൻകൃഷിക്ക് ഭീഷണിയാകുന്ന പശ്ചാത്തലത്തിൽ ബോധവൽക്കരണവുമായി എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം. കായലിലെ ലവണാംശം കൂടി ഒക്ടോബറോടെ അഴുകിപ്പോകാറുള്ള പോളപ്പായൽ ഇത്തവണ കൂടുതൽ കാലം നിണ്ടുനിൽക്കുന്നത് മീൻകൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. കായലിൽ കൂടുമീൻകൃഷി ചെയ്യുന്നവരുടെ കൂട്ടായ്മകൾക്ക് ബോധവൽക്കരണം നടത്തി പായൽ നീക്കാനുള്ള ശ്രമങ്ങളാണ് സിഎംഎഫ്ആർഐയുടെ കീഴിലുള്ള കെവികെ നടത്തുന്നത്. കൂടുകളിൽനിന്ന് പായലുകൾ നീക്കുന്ന രീതിയും കർഷകരെ പരിശീലിപ്പിക്കുന്നുണ്ട്.

സാധാരണയിലധികം മഴ ലഭിച്ചതും പലതവണകളായി ഡാമുകൾ തുറന്നുവിട്ടതുമാണ് കായലിലെ ലവണാംശം കുറഞ്ഞ് പോളപ്പായലിന്റെ അമിതവളർച്ചയ്ക്ക് കാരണം. പോളപ്പായൽ നിറയുന്നതുമൂലം കായലുകളിൽ സ്ഥാപിച്ച മീൻകൂടുകളിൽ ഒഴുക്ക് തടസ്സപ്പെടുകയും അതുവഴി ഓക്സിജന്റെ അളവ് കുറയുകയും ചെയ്യുന്നതാണ് കൂടുമീൻകൃഷിക്ക് ഭീഷണിയാകുന്നത്.

വിളവെടുപ്പിന് പാകമാകുന്ന ഡിസംബർ, ജനുവരി മാസങ്ങളിൽ ഓക്സിജൻ കുറയുന്നത് മീൻ ചത്തുപോകാൻ കാരണമായേക്കാം. മീനുകളുടെ ആരോഗ്യത്തിന് ഭീഷണിയാകുന്ന പലതരം കീടങ്ങളും രോഗാണുക്കളും പോളപ്പായലുകളിൽ ഉണ്ടാകുന്നതും പ്രതിസന്ധിയാണ്. ഈ പശ്ചാത്തലത്തിലാണ് കെവികെ ബോധവൽക്കരണയജ്ഞം. കേന്ദ്രസർക്കാരിന്റെ സ്വച്ഛഭാരത് അഭിയാന്റെ ഭാഗമായി നടന്ന യജ്ഞത്തിൽ ഏഴിക്കരയിലെ മീൻകർഷകരും പങ്കാളികളായി രണ്ടേക്കർ മീൻകൂടുകളിലെ പോളപ്പായൽ നീക്കംചെയ്തു